പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5639 | 02.07.2014- ൽ മറുപടിക്ക് |

**വിവിധ ഭക്ഷണ പാനീയങ്ങളിൽ ഉപയോഗിക്കുന്ന പൗഡറുകൾ ഉല്പാദിപ്പിക്കുന്ന കമ്പനികളുടെ പ്രവർത്തനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. മമ്മൂട്ടി | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഐസ്ക്രീം പൗഡർ, ബദാം പൗഡർ, പിസ്ത, കോൺഫ്ളേക്സ്, ജ്യൂസ് കടകളിൽ വിവിധ ജ്യൂസുകൾക്ക് ഉപയോഗിക്കുന്ന പൗഡർ എന്നിവ ഉല്പാദിപ്പിക്കുന്ന അംഗീകൃതവും അനധികൃതവുമായി പ്രവർത്തിക്കുന്ന എത്ര കമ്പനികളുണ്ട്; | എ) | സംസ്ഥാനതാകമാനം ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ നേടിയിട്ടുള്ള 6 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അനധികൃത കമ്പനികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | പ്രസ്തുത കമ്പനികളിൽ നിന്നും പുറത്തു വരുന്ന വിവിധ കെമിക്കലുകളുടെ ഗന്ധം ജനനിബിഡമായ സ്ഥലങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നുണ്ടോ എന്നറിയാമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | എങ്കിൽ അവ എന്തെല്ലാമെന്നും ഏതെല്ലാം വിധത്തിലാണ് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നതെന്നും വെളിപ്പെടുത്തുമോ; | സി) | ബാധകമല്ല. |
| ഡി) | ഇത്തരം കമ്പനികളിൽ മിന്നൽ പരിശോധന നടത്താറുണ്ടോ; എങ്കിൽ 2014ൽ എത്ര തവണ പരിശോധന നടത്തി എന്ന് വെളിപ്പെടുത്തുമോ; | ഡി) | അനധികൃത സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ മിന്നൽ പരിശോധന നടത്തിയിട്ടില്ല. |
| ഇ) | ഇത്തരം കമ്പനികളുടെ പ്രവർത്തനം സംബന്ധിച്ച് 2014 വർഷത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം പരാതി പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ? | ഇ) | ലഭിച്ചിട്ടില്ല. പരാതി ലഭിക്കുന്ന പക്ഷം പരിശോധന നടത്തി 2006 ലെ ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**